# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| | |
|---|---|
| *നക്ഷത്ര ചിഹ്നമിട്ട* | *03 / 02 / 2020 -ൽ* |
| *ചോദ്യം നമ്പർ : * 25* | *മറുപടി നൽകേണ്ടത്* |

## ദേശീയജലപാത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള**<br>**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**<br>**ശ്രീ. കെ. എം. ഷാജി**<br>**ഡോ. എം. കെ. മുനീർ** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയജലപാത യാത്രാ സജ്ജമാക്കണമെന്ന ദീർഘകാലത്തെ ആവശ്യം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന പശ്ചിമതീര കനാലിനെ ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനുള്ള പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കി വരുന്നത് .<br><br>ഒന്നാം ഘട്ടത്തിൽ കനാലുകൾ ശുചിയാക്കി നിലവിലെ വീതിയിൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് . 2020 ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട ഈ ഘട്ടത്തിലെ പ്രവൃത്തികൾ ലക്ഷ്യത്തോടടുക്കുന്നു .<br><br>രണ്ടാം ഘട്ടത്തിൽ കൈയ്യേറ്റക്കാരുടെ പുനരധിവാസം , ഭൂമി ഏറ്റെടുക്കൽ , കനാലിന്റെ വീതി കൂട്ടൽ മുതലായ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 2022 ഓട് കൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് .<br><br>മൂന്നാം ഘട്ടം 2025 ൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ ഘട്ടത്തിൽ ജലപാതയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി ദേശീയ ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

**(ബി)** ജലപാതയുടെ എത്ര ദൂരം വരെയുള്ള പണികളാണ് പൂർത്തീകരിച്ച് സർവ്വീസ് നടത്താൻ സജ്ജമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

**(ബി)**

**ജലപാതയുടെ ഗതാഗതയോഗ്യമായ ഭാഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു**

| ക്രമ നം. | കനാൽ റീച്ച് | ചെയിനേജ് | ദൂരം (കി.മീ.) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കോവളം - ആക്കുളം | 0 - 16.04 | 16.04 | 14 കി. മീ. ഗതാഗത യോഗ്യം |
| 2 | ആക്കുളം - കൊല്ലം | 16.04 - 74.14 | 58.10 | 49 കി. മീ. ഗതാഗത യോഗ്യം |
| 3 | കൊല്ലം - കോട്ടപ്പുറം | 74.14 - 242.14 | 168 | ഗതാഗത യോഗ്യം |
| 4 | കോട്ടപ്പുറം - കോഴിക്കോട് | 242.14 - 402.18 | 160 | 150 കി. മീ. ഗതാഗത യോഗ്യം |
| 5 | കോഴിക്കോട് - വടകര | 402.18-450.08 | 48 | ഭാഗികമായി ഗതാഗത യോഗ്യം |
| 6 | വളപട്ടണം - നീലേശ്വരം | 526.20 - 590 | 64 | ഗതാഗത യോഗ്യം |

| | | | |
|---|---|---|---|
| (സി) | ജലപാതയുടെ ബാക്കിയുള്ള പണികൾ ഈ സർക്കാരിന്റെ കാലയളവിൽ ചെയ്ത് തീർക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ എന്നേക്ക് ഇതിന്റെ പ്രവർത്തനമാരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ; | (സി) | ജലപാതയുടെ പണികളിൽ മുൻ നിശ്ചയിച്ച പ്രകാരം 2020 ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്ന ആദ്യഘട്ടത്തിലുൾപ്പെട്ട കനാലിന്റെ ശുചീകരണവും നിലവിലെ വീതിയിൽ ഗതാഗതയോഗ്യമാക്കുന്നതും ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതാണ് . 2022-ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ ദേശീയ ജലപാത നിലവാരത്തിൽ പൂർത്തിയാക്കും. 2025-ൽ തീരുന്ന മൂന്നാം ഘട്ടത്തിൽ ടൂറിസം വില്ലേജുകളും മറ്റും നിർമ്മിച്ച് അവ ജലപാതയുമായി ബന്ധിപ്പിക്കുകയും വിവിധ ഫീഡർ കനാലുകൾ തുടങ്ങിയവ പ്രധാന ജലപാതയുമായി ബന്ധിപ്പിച്ച് ടൂറിസത്തിന്റെ വളർച്ച പൂർണ്ണ തോതിലെത്തിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തിയാക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത് . |
| (ഡി) | പ്രസ്തുത ജലപാതയിലൂടെയുള്ള യാത്ര കൂടുതൽ യാത്രികർക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ തടസമില്ലാതെ നടക്കുന്നതിന് വേണ്ടി പണിയുടെ നിലവാരം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധ നൽകുമോ ? | (ഡി) | ജലപാത നിർമ്മാണ പ്രവൃത്തികളുടെ നിലവാരം ഉറപ്പാക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത് . |

**സെക്ഷൻ ഓഫീസർ**